## പതിനാലാം കേരളനിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 2881** **13.03.2020 -ൽ മറുപടിയ്ക്ക്**

## ഒറ്റപ്പാലം മണ്ഡലത്തിൽ ഭവന നിർമ്മാണ ബോർഡിന്റെ പ്രോജക്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി. ഉണ്ണി :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഭവന നിർമ്മാണ ബോർഡിന്റെ ഏതെല്ലാം പ്രോജക്ടുകൾ നില വിലുണ്ട്; | (എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പാലക്കാട്-പൊന്നാനി റോഡിൽ പത്തൊൻ പതാം മൈലിൽ ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിൽ ഒറ്റപ്പാലം ഭവന പദ്ധതി നിലവിലുണ്ട്. |
| (ബി) ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിലെ ഭവന നിർമ്മാണ ബോർഡിന്റെ പ്രോജക്ട് പൂർത്തീ കരിച്ചോ; എങ്കിൽ ഗുണഭോക്താ ക്കൾക്ക് എന്നത്തേക്ക് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ ഭവന നിർമ്മാണ ബോർഡിന്റെ സാഫല്യം ഭവന പദ്ധതി പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കൾ വാഗ്ദാനം ചെയ്ത വിഹിതം പൂർണ്ണമായി ലഭിക്കാത്തതിനാൽ ഫണ്ട് കുറഞ്ഞതു കൊണ്ടാണ് പദ്ധതി നിർത്തിവച്ചിരിക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന് ഇടപെടലും സഹായവും അഭ്യർത്ഥിച്ച് കൊണ്ട് ബഹു. ഒറ്റപ്പാലം എം.എൽ.എ.-യ്ക്ക് ബോർഡിന്റെ പാലക്കാട് എക്സിക്യൂട്ടീവ് എൻജിനീയർ നിവേദനം സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം തിരികെ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് മാത്രമേ ഫ്ളാറ്റ് കൈമാറുവാൻ സാധിക്കുകയുള്ളു. |

Subha

സെക്ഷൻ ഓഫീസർ